- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ആന്ധ്രപ്രദേശ് സർക്കാരിൽ നിന്നും ഓർഡറുകൾ കരസ്ഥമാക്കിയിട്ടുണ്ട്.
- കെൽ, ട്രാക്കോ എന്നീ സ്ഥാപനങ്ങൾ കർണ്ണാടക സർക്കാർ സ്ഥാപനമായ ബെസ്റ്റ്കോമിൽ നിന്ന് കൂടുതൽ ഓർഡറുകൾ നേടി വിപണി വിപുലീകരണം നടത്തിയിട്ടുണ്ട്.
- കെൽട്രോണിന്റെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി വി.എസ്.എസ്.സി.-യുമായി യോജിച്ച് പ്രവർത്തനം നടത്തുന്നുണ്ട്. കൂടാതെ കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും വകുപ്പിന്റെ കീഴിലുള്ള ഏജൻസികളിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭിച്ചുവരുന്നു.
- സ്റ്റീൽ&ഇൻഡസ്ട്രിയൽ ഫോർജിംഗ്സിന് വി.എസ്.എസ്.സി.-യിൽ നിന്നും കേന്ദ്ര പ്രതിരോധ വകുപ്പിൽ നിന്നും ഓർഡറുകൾ ലഭിക്കുന്നുണ്ട്.
- മേൽപ്പറഞ്ഞവ കൂടാതെ മറ്റുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേരളത്തിലെ ഇതര സർക്കാർ വകുപ്പുകളിൽനിന്നും ഇതര സംസ്ഥാനങ്ങളിലെ വകുപ്പുകളിൽ നിന്നും ആവശ്യമായ ഓർഡറുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നുണ്ട്.

യെസ് സംഗമം 2014

251 (2489) ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'യെസ്' (Young Entrepreneur Summit) 2014 സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം ആശയങ്ങളാണ് സമ്മിറ്റ് വഴി മുന്നോട്ട് വച്ചത്;

(ഡി) എന്തെല്ലാം തുടർനടപടികളാണ് ഇതിന്മേൽ നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് : വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിനുമായി 2011-ൽ സംസ്ഥാന സർക്കാർ സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പുറത്തിറക്കുകയുണ്ടായി. പ്രസ്തുത പോളിസിയെ അടിസ്ഥാനമാക്കി വിദ്യാർത്ഥി/ യുവസംരംഭകരുടെ സംരഭകത്വ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 2014 സെപ്റ്റംബർ 12-ാം തീയതി യുവ സംരംഭക സംഗമം സംഘടിപ്പിച്ചത്. കേരളത്തിന്റെ വിവിധ മേഖലകളിൽ വിജയം കൈവരിച്ചിട്ടുള്ള സംരംഭകരും യുവ സംരംഭകരും അവരുടെ അനുഭവങ്ങൾ പ്രസ്തുത സംഗമത്തിൽ പങ്കുവച്ചു. പല മേഖലകളിലുള്ള സംരഭകത്വ ആശയങ്ങളുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഉൾപ്പെടെ ഏകദേശം 4000-ത്തോളം യുവതീയുവാക്കളാണ് യുവസംരഭകത്വ സംഗമത്തിൽ പങ്കെടുത്തത്.

(ബി) 'യുവസംരംഭക സംഗമത്തിന്റെ' ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ നൽകിയിരിക്കുന്നു:

- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾക്ക് ആവശ്യമായ പ്രചോദനം നൽകുക.
- യുവതലമുറയെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക.
- യുവസംരംഭകരുടെ സംരംഭകത്വ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- കേരളത്തെ യുവസംരംഭകരുടെ സംരംഭകത്വ കേന്ദ്രമാക്കി മാറ്റുക.
- സംരംഭകരുടെ നൂതന ആശയങ്ങളുടെ പ്രദർശനത്തിനായുള്ള വേദിയൊരുക്കുക.

(സി&ഡി) യുവസംരംഭകത്വ സംഗമം 2014-ന്റെ ഭാഗമായി യുവ/വിദ്യാർത്ഥി സംരംഭകർക്ക് അവരുടെ നൂതനമായ ആശയങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസരം നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി അഗ്രികൾച്ചർ & ഫുഡ് പ്രോസസിങ്ങ്, ഇലക്ട്രോണിക്സ് & ഡിജിറ്റൽ മീഡിയ, ഹെൽത്ത് കെയർ & ലൈഫ് സയൻസ്, ബിസിനസ് ഇന്നവേഷൻ & ഗ്രീൻ ടെക്നോളജി, ടൂറിസം & ഹോസ്പിറ്റാലിറ്റി, മാനുഫാക്ചറിംഗ്, ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി ഏഴ് മേഖലകളിൽനിന്നും ഏകദേശം അഞ്ഞൂറോളം ആശയങ്ങളാണ് ലഭിച്ചത്. ഇവയിൽനിന്നും തെരഞ്ഞെടുത്ത മികച്ച പത്ത് ആശയങ്ങൾക്ക് അവാർഡും നൽകുകയുണ്ടായി. ധനസഹായവും, ഇൻകൃബേഷൻ സ്പേസും ആവശ്യപ്പെട്ടിട്ടുള്ള യുവ സംരംഭകരുടെ ആശയങ്ങളെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.